14/2/23

## സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം


**തിരുവനന്തപുരം 695 001**
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in


**ഹർജി നമ്പർ AP.1893*(2)/2021*/എസ്.ഐ.സി തീർപ്പ് കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**(ഫയൽ നമ്പർ 15644/എസ്.ഐ.സി-ജി6/2021)**

**സന്നിഹിതൻ**
**ഡോ. കെ. എൽ. വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീമതി. ഇന്ദു പി.എം,
പുലരി, മീനം വടക്ക്,
മാലൂർകോളേജ് (പി.ഒ),
പത്തനാപുരം, കൊല്ലം - 689 695.
} ഹർജിക്കാരി

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം,
കൊല്ലം.

2. അപ്പീൽ അധികാരി & വിദ്യാഭ്യാസ ഉപഡയറക്ടർ,
വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം,
കൊല്ലം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 09/08/2021 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 01/09/2021 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 13/09/2021 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 29/09/2021 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 27/11/2021 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 30/11/2021 |
| ഹിയറിംഗ് നടന്ന തീയതി :<br>സ്ഥലം : | 29/12/2022<br>കോൺഫറൻസ് ഹാൾ,<br>കൊല്ലം കളക്ടറേറ്റ്. |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരി<br>എസ്.പി.ഐ.ഒ | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 19(3) വകുപ്പ പ്രകാരം അപ്പീൽ ഹർജിക്കാരിയായ ശ്രീമതി. ഇന്ദു. പി.എം. 27/11/2021 തീയതി സമർപ്പിച്ച അപ്പീൽ ഹർജി 30/11/2021 തീയതി കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് AP No. 1893(2)/2021/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. അപ്പീൽ ഹർജിക്കാരി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാളുടെ വിവരാവകാശ അപേക്ഷയ്ക്കും, ഒന്നാം അപ്പീലിനും ലഭിച്ച മറുപടി തൃപ്തികരമല്ല എന്ന ആക്ഷേപമാണ്.

3. ഒന്നാം എതിർകക്ഷി മുമ്പാകെ 09/08/2021 തീയതി ഹർജിക്കാരി സമർപ്പിച്ച അപേക്ഷയിൽ താഴെപ്പറയുന്ന വിവരങ്ങളാണ് ആവശ്യപ്പെട്ടത്:

1. കൊല്ലം ജില്ലയിൽ ഗവൺമെന്റ്/പഞ്ചായത്ത് സ്കൂളുകളിൽ യു.പി.എസ്.എ അധ്യാപകരുടെ എത്ര തസ്തികകൾ ഉണ്ടെന്നും
2. കൊല്ലം ജില്ലയിൽ ഗവൺമെന്റ്/പഞ്ചായത്ത് സ്കൂളുകളിൽ യു.പി.എസ്.എ അല്ലെങ്കിൽ എൽ.പി.എസ്.എ തസ്തികകളിൽ പി.എസ്.സി വഴിയുള്ള നിയമനങ്ങൾ തുടങ്ങിയത് എന്നു മുതലാണെന്നും ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണെന്നും
3. കൊല്ലം ജില്ലയിൽ ഗവൺമെന്റ്/പഞ്ചായത്ത് സ്കൂളുകളിൽ എത്ര PD അധ്യാപകർ നിലവിൽ UPSA അധ്യാപകരായി ജോലി ചെയ്യുന്നുണ്ട് എന്നും മറ്റുമായി 47 ഇനം വിവരങ്ങൾ ലഭ്യമാക്കണമെന്നാണ്.

മേൽപ്പടി അപേക്ഷയ്ക്ക് 01/09/2021-ന് ഹർജിക്കാരിയ്ക്കു എതിർകക്ഷി മറുപടിയും നൽകിയിട്ടുണ്ട്.

4. 13/09/2021 തീയതി ഹർജിക്കാരി രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിക്ക് 29/09/2021-ന് മറുപടിയും നൽകിയിട്ടുണ്ട്.

5. 22/12/2022 തീയതി രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിട്ടുള്ളത്, വിവരാവകാശ നിയമ പ്രകാരം ഹർജിക്കാരി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ ചോദ്യം 11, 44 എന്നിവയ്ക്കുള്ള മറുപടി തൃപ്തികരമല്ല എന്നും ആയതിന് ഉള്ള മറുപടി ലഭ്യമാക്കണമെന്നും, ചോദ്യം (11)-ന് ഷിഫ്റ്റ് അബോളിഷ്മെന്റ് വഴി ഉണ്ടാകുന്ന വേക്കൻസികളിൽ യു.പി.എസ്.ടി തസ്തിക ഉണ്ടാകുന്നില്ലെന്നും

ആ കാരണത്താലാണ് വിവരങ്ങൾ ശേഖരിച്ച സൂക്ഷിച്ചില്ല എന്നാണ് മറുപടി നൽകിയിട്ടുള്ളതും, ചോദ്യം (44)-ന് കൊല്ലം ജില്ലയിൽ 5th standard വരെ upgrade ചെയ്ത എൽ.പി സ്കൂളുകളൊന്നുമില്ലെന്നും, നിലവിൽ കൊല്ലം ജില്ലയിൽ 24 എൽ.പി സ്കൂളുകളിൽ ഒന്ന് മുതൽ അഞ്ച് വരെയുള്ള ക്ലാസ്സുകൾ പ്രവർത്തിക്കുന്നുണ്ടെന്നും, പ്രസ്തുത സ്കൂളുകൾ പ്രവർത്തനം ആരംഭിച്ചതു മുതൽ 5-ാം ക്ലാസ്സ് വരെയുള്ള സ്കൂളുകളാണെന്നും, എൽ.പി. സ്കൂളുകളിൽ upgradation വഴി 5th standard മാത്രമാക്കി അനുവദിച്ച സ്കൂളുകളൊന്നും തന്നെ ഇല്ലാത്തതിനാലാണ് അപേക്ഷകന് ചോദ്യം 44-ന് 'ഇല്ല' എന്ന മറുപടി നൽകിയതെന്നുമാണ്. മേൽ സാഹചര്യത്തിലാണ് 45 മുതൽ 47 വരെയുള്ള ചോദ്യത്തിന് ബാധകമല്ല എന്നുള്ള മറുപടിയാണ് നൽകിയത്.

6. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും നേരിൽ കേട്ടതിലും, ടിയാൾ കമ്മീഷൻ മുമ്പാകെ 22/12/2022-ൽ സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് ഹർജിക്കാരിയ്ക്ക് നൽകണമെന്ന് എതിർകക്ഷിയ്ക്ക് 29/12/2022-ന് നടന്ന ഹിയറിംഗിൽ കമ്മീഷൻ നിർദ്ദേശം നൽകുകയുണ്ടായ സാഹചര്യത്തിൽ ടി ഹർജിയിന്മേൽതുടർ നപടികൾ ആവശ്യമില്ലെന്ന് ഉത്തരവാകുന്നു.

7. മേൽ പ്രസ്താവിച്ച വസ്തുതകളുടെ അടിസ്ഥാനത്തിൽ ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2023 ജനുവരി 30-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

**(ഒപ്പ്)**
**ഡോ. കെ.എൽ. വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

AV